# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ജൂലൈ 11, തിങ്കൾ

നിയമസഭ രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

**പകർച്ചവ്യാധികൾ**

മി. സ്പീക്കർ: സംസ്ഥാനത്ത് പകർച്ചപ്പനി, എച്ച്1 എൻ1, ജപ്പാൻ ജ്വരം തുടങ്ങിയവ വ്യാപകമാകുകയും പതിനായിരക്കണക്കിനാളുകൾ വിവിധ ആശുപത്രികളിൽ പ്രവേശിക്കപ്പെടുകയും ആശുപത്രികളിൽ ഔഷധങ്ങൾ ലഭ്യമല്ലാതാകുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.തിലോത്തമൻ, ജി. സുധാകരൻ, മാത്യു റ്റി.തോമസ്, എ.കെ. ശശീന്ദ്രൻ, കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാനത്തൊട്ടാകെ പടർന്നുപിടിച്ച പകർച്ചവ്യാധികൾ നിയന്ത്രിക്കാനുള്ള എല്ലാ

നടപടികളും സ്വീകരിച്ചിട്ടുണ്ട്. 2011 ജൂലൈ വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ 78 എച്ച്1 എൻ1 കേസ്സുകളും അതിൽ ഒരാളിന്റെ മരണവുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് മുമ്പുതന്നെ ആവശ്യമായ പ്രതിരോധനടപടികൾ സ്വീകരിച്ചതുകൊണ്ട് പകർച്ചവ്യാധികൾ വ്യാപകമാകാതെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. 03-06-2011-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 06-06-2011-ന് ആരോഗ്യവകുപ്പുമന്ത്രിയും ആലപ്പുഴ ജില്ലയിൽ വിളിച്ചുചേർത്ത യോഗങ്ങളുടെ അടിസ്ഥാനത്തിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് തലങ്ങളിൽ മെച്ചപ്പെട്ട മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കുകയും ചെയ്തു. ഇത്തരം പ്രശ്നങ്ങളെ നേരിടുന്നതിന് ഭരണ-പ്രതിപക്ഷഭേദമെന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. തിലോത്തമൻ:</u> സംസ്ഥാനത്തൊട്ടാകെ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയിൽനിന്നും ലഭിച്ച മറുപടി ദൗർഭാഗ്യകരമാണ്. ആലപ്പുഴ ജില്ലയിൽ വയറിളക്കവും ഛർദ്ദിയും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ വരുന്ന രോഗികളിൽ വളരെ കുറച്ച് രോഗികളെ മാത്രമാണ് വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ യഥാർത്ഥ കണക്കും വെളിപ്പെടുത്തിയിട്ടില്ല. ആലപ്പുഴ ജില്ലയിൽ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ പനിബാധിച്ചവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ അവിടെ യാതൊരുവിധ സംവിധാനങ്ങളുമില്ല. ആലപ്പുഴ ജില്ലയിൽ 338 ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതിൽ 66

എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പല ഡോക്ടർമാരും ഉപരിപഠനത്തിനുപോയി. സി.ആർ. എസ്.-ന് നിയോഗിക്കപ്പെട്ട 39 ഡോക്ടർമാരിൽ എട്ടുപേർ മാത്രമാണ് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നോ ഡോക്ടർമാരോ പാരാ മെഡിക്കൽ സ്റ്റാഫോ ഇല്ല. എച്ച് 1 എൻ 1 രോഗികൾക്ക് ആവശ്യമായ പൊതുവിപണിയിൽ ലഭ്യമല്ലാത്ത ഗുളികകൾ മതിയായ അളവിൽ ആശുപത്രികളിൽ ലഭ്യമാക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ ആശുപത്രികൾ വഴിയും ഗവൺമെന്റ് നിരക്കിൽ മരുന്നുകൾ ലഭ്യമാക്കിക്കൊണ്ട് പകർച്ചപ്പനി തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചിരുന്നു. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത അവലോകനയോഗ തീരുമാനങ്ങൾ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ഫോഗ്ഗിംഗും ക്ലീനിംഗും ബോധവൽക്കരണവും എല്ലാം കടലാസ്സിൽ ഒതുങ്ങുകയാണ്. ഇടതുപക്ഷം ഭരിക്കുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ, പ്രത്യേകിച്ച് ആലപ്പുഴ ജില്ലയെ ബാധിച്ചിരിക്കുന്ന ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഈ വിഷയത്തിൽ എല്ലാ ജനപ്രതിനിധികളും ഉത്തരവാദിത്വ ബോധത്തോടുകൂടി പ്രവർത്തിക്കണം. എച്ച് 1 എൻ 1 രോഗനിർണ്ണയം നടത്തുന്നതിന് ആലപ്പുഴയിൽ പ്രവർത്തിക്കുന്ന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് പുറമേ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി, മണിപ്പാലിലെ സെന്റർ ഫോർ വൈറോളജി റിസർച്ച് എന്നിവിടങ്ങളിൽ

സംവിധാനം ഒരുക്കിയിട്ടുണ്ട്. പകർച്ചപ്പനി മുൻകൂട്ടി കണ്ടുകൊണ്ട് ഒന്നര മാസക്കാലത്തിനുള്ളിൽത്തന്നെ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ പല ആശുപത്രികളും അപ്ഗ്രേഡ് ചെയ്തെങ്കിലും അവിടെ അധികമായി വേണ്ട ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. 2514 തസ്തിക വേണ്ടിടത്ത് 202 തസ്തികകൾ മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരെ സർവ്വീസിൽ തുടരാൻ അനുവദിക്കണമോ എന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. സംസ്ഥാനത്ത് ഇപ്പോൾ ഒഴിവുള്ള 745 തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം നടക്കുന്നതുവരെ വാക്ക്-ഇൻ ഇന്റർവ്യൂ നടത്തി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് എല്ലാ ഡി.എം.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എച്ച്1 എൻ1 പനി പടർന്നുപിടിക്കാനുള്ള സാധ്യത മുന്നിൽക്കണ്ട് ആലപ്പുഴ മെഡിക്കൽ കോളേജിന് രണ്ട് വെന്റിലേറ്ററുകളും ജനറൽ ഹോസ്പിറ്റലിന് ഒരു വെന്റിലേറ്ററും ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ വെന്റിലേറ്ററുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. എവിടെയെങ്കിലും മരുന്ന് ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്,

തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) വാഹന അപകടങ്ങളിൽപ്പെടുന്നവർക്ക് സഹായം**

ശ്രീ. മുല്ലക്കര രത്നാകരൻ: കേരളത്തിൽ ഒരു വർഷം ഏകദേശം മൂവായിരത്തിയെണ്ണൂറോളം റോഡപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇൻഡ്യയിൽ റോഡപകട മരണ നിരക്കിൽ കേരളം മൂന്നാം സ്ഥാനത്തും, പരിക്കു പറ്റുന്ന വരുടെ കണക്കിൽ പതിനൊന്നാം സ്ഥാനത്തുമാണ്. കേരളത്തിൽ ആകെ യുള്ള റോഡിന്റെ വെറും രണ്ടുശതമാനം മാത്രമുള്ള നാഷണൽ ഹൈവേയിലാണ് അപകടങ്ങളുടെ 22 ശതമാനവും നടക്കുന്നത്. വാഹനങ്ങ ളുടെ എണ്ണത്തിലുള്ള വർദ്ധനവും റോഡിന്റെ ശോച്യാവസ്ഥയുമാണ് റോഡപകടങ്ങൾ പെരുകുന്നതിനുള്ള കാരണം. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ വർഷം 59 കാൽനടയാത്രക്കാരാണ് റോഡപകടങ്ങളിൽ മരണപ്പെട്ട ത്. 2004-ൽ കെ.എസ്. ടി.പി. വർക്ക് ആരംഭിച്ചപ്പോൾ തന്നെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഓവർബ്രിഡ്ജ് ഉൾപ്പെടെയുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതായിരുന്നു. യാത്രക്കാർക്ക് റോഡുകളിൽക്കൂടി നടന്നു പോകുന്നതിന് യാതൊരു സംവിധാനവുമില്ല. റോഡപകടങ്ങൾ കുറയ്ക്കുന്ന തിന് ഒരു സഞ്ചാര സംസ്ക്കാരം ആവശ്യമാണ്. റോഡ് മുറിച്ച് കടന്നുപോകു ന്നവർക്ക് മുൻഗണന കൊടുക്കുന്ന രീതി അവലംബിക്കണം. മാറുന്ന സാഹചര്യത്തിനനുസരിച്ച് ഡ്രൈവർമാർക്ക് പ്രത്യേക അവബോധന ക്ലാസുകൾ ഏർപ്പെടുത്തണം. റോഡുകൾ സഞ്ചാരയോഗ്യമാക്കിയും സ്കൂൾ സമയത്ത് കുട്ടികളുടെ സൗകര്യാർത്ഥം വാഹന സഞ്ചാരം നിയന്ത്രിച്ചും

റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി സ്വീകരിക്കണം. റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവരെ സമയബന്ധിതമായി ആശുപത്രികളിൽ എത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വാഹന അപകട ദുരിതാശ്വാസ നിധി രൂപീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് 2005-ന് ശേഷം വാഹന അപകടങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും മരണനിരക്ക് വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ച് ഫ്ളൈയിംഗ് സ്ക്വാഡുകൾ ചെക്കിംഗ് നടത്തുന്നുണ്ട്. 2020-ഓടുകൂടി വാഹന ദുരന്തങ്ങൾ ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ നിരവധി പദ്ധതികൾക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെയും നാട്പാക്കിന്റെയും നേതൃത്വത്തിൽ ടിപ്പർ ഡ്രൈവർമാർക്കും സ്കൂൾ ബസ് ഡ്രൈവർമാർക്കും പരിശീലനം നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ട് ബസ്സിലെ ഡ്രൈവർമാർക്കും 30 ലക്ഷത്തോളം വരുന്ന ഇരുചക്രവാഹന ഡ്രൈവർമാർക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അപകടസാധ്യതാ മേഖലയും അതീവ അപകട സാധ്യതാ മേഖലയും കണ്ടെത്തി ശാസ്ത്രീയമായ അപകട പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. അപകടങ്ങളുടെ ബാഹുല്യം

കണക്കിലെടുത്ത് ചില റോഡുകൾ മാതൃകാ റോഡ് പദ്ധതിയിൽപ്പെടുത്തി ശാസ്ത്രീയമായി നവീകരിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തും. വിദ്യാർത്ഥികളെ റോഡ് സുരക്ഷാ പദ്ധതികളിൽ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ, കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. അത് കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും വ്യാപിപ്പിക്കുന്നതാണ്. ആംബുലൻസ് വാങ്ങുന്നതിനും കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ട്രോമാ കെയർ സെന്ററുകൾ ആരംഭിക്കുവാനുമുള്ള ഫണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി ആരോഗ്യ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. അപകടത്തിന് കാരണമാകുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പിന് അനുവദിക്കാൻ തീരുമാനിച്ച 49.50 കോടി രൂപയിൽ 19 കോടി രൂപ ഈ വർഷം തന്നെ നൽകുന്നതാണ്. പോലീസ് വകുപ്പിന് ഇന്റർസെപ്റ്റർ വാങ്ങുന്നതിന് ഈ വർഷം 4 കോടി രൂപയും ആൽക്കോമീറ്റർ വാങ്ങുന്നതിന് 2 കോടി രൂപയും പോലീസുകാർക്ക് ട്രോമാ കെയർ പരിശീലനത്തിന് 2.25 ലക്ഷം രൂപയും റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും വിവിധ റോഡ് സുരക്ഷാ പ്രവർത്തനത്തിനുമായി മോട്ടോർ വാഹന വകുപ്പിന് 15.65 കോടി രൂപയും നാട്പാക്കിന് 59 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ സ്പീഡ് ഡിറ്റെക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ

ഡിറ്റെക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിനായി കെൽട്രോണിന് 61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയും പരിക്കുപറ്റുന്നവർക്ക് ചികിത്സാസഹായമായി 10,000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നുണ്ട്. പരിക്കേൽക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നൽകിയ പണം തിരികെ പിടിക്കാവുന്നതാണെന്ന വ്യവസ്ഥയിൽ ഒരു ആക്സിഡന്റ് റിലീഫ് ഫണ്ട് രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുന്നതാണ്.

## (2) <u>ഫ്ളൈ ഓവറുകളുടെ നിർമ്മാണം</u>

<u>ശ്രീ. ബെന്നി ബെഹനാൻ</u>: എറണാകുളത്ത് നാഷണൽ ഹൈവേ അതോറിറ്റിയുടെ കണക്കനുസരിച്ച് അരൂർ മുതൽ ആലുവ വരെയുള്ള ബൈപ്പാസിലൂടെ ഒരു ദിവസം 48000 വാഹനങ്ങളും വൈറ്റില ജംഗ്ഷനിലൂടെ ഒരു മണിക്കൂറിൽ 7000 വാഹനങ്ങളുമാണ് കടന്നുപോകുന്നത്. കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന മൊത്തം വാഹനങ്ങളുടെ 15 ശതമാനവും എറണാകുളം ആർ. ടി. ഓഫീസിലാണ് രജിസ്റ്റർ ചെയ്യുന്നത്. സ്മാർട്ട് സിറ്റി, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, മൊബിലിറ്റി ഹബ് എന്നിവയ്ക്കുപുറമേ മാളുകളും ഫൈവ് സ്റ്റാർ ഹോട്ടലുകളും മറ്റും കൂടിയാകുമ്പോൾ എറണാകുളത്തിന്റെ ഗതാഗത പ്രശ്നം ഇന്നത്തേക്കാൾ രൂക്ഷമാകും. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചർച്ച നടത്തി ഗവൺമെന്റിന്റെ നൂറുദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി ഇടപ്പള്ളി-

പാലാരിവട്ടം; വൈറ്റില-കുണ്ടന്നൂർ പ്രദേശങ്ങളിൽ ഫ്ളൈ ഓവർ നിർമ്മിച്ചോ എലിവേറ്റർ ഹൈവേ നിർമ്മിച്ചോ ഗതാഗതക്കുരുക്കിന് പരിഹാരം കാണണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): എറണാകുളം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ നാഷണൽ ഹൈവേ-47-ലെ ഇടപ്പള്ളി-പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ ജംഗ്ഷനുകളിൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ആരംഭിക്കുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 30-12-2010-ൽ ഒരു കൺസൾട്ടൻസി കമ്പനിയുമായി കരാറിൽ ഒപ്പിടുകയും തുടർന്ന് നാല് ജംഗ്ഷനുകളിലും ബോറിംഗ് നടത്തി വിവരം ശേഖരിക്കുകയും ട്രാഫിക് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള മതിപ്പ് ചെലവ് കണക്കാക്കുന്നതാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി നോർത്ത് ഓവർ ബ്രിഡ്ജ് വീതി കൂട്ടുന്നതു മൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് പരമാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചിറ്റൂർ പച്ചാളം റോഡ് വികസിപ്പിച്ചും വീക്ഷണം-സി.പി.ഉമ്മർ റോഡ് അറ്റകുറ്റപ്പണികൾ നടത്തിയും ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സൗത്ത് ജംഗ്ഷനിൽനിന്ന് ചർച്ച് ലാന്റിംഗ് റോഡിലേയ്ക്ക് ഒരു ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചുകൂട്ടുന്നതാണ്.

**സബ്മിഷൻ**

**(1) <u>വർക്കല, ചിലക്കൂർ മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം</u>**

<u>ശ്രീ. വർക്കല കഹാർ</u> : വർക്കല ചിലക്കൂർ മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ അന്തിമ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) : വർക്കല ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവൃത്തികൾക്കും മറ്റ് മാതൃകാ പഠനങ്ങൾക്കുമായി 28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഹാർബർ നിർമ്മിക്കാനുദ്ദേശിക്കുന്ന 50 ഹെക്ടർ ഭാഗത്തെ ഹൈഡ്രോ ഗ്രാഫിക് സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കടലിലെ മണ്ണ് പരിശോധനയ്ക്കായി ബോറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും മറ്റ് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരികയുമാണ്. മാതൃകാ പഠന റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് പരിസ്ഥിതി പഠനം ആരംഭിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടുന്നതാണ്.

**(2) <u>ആനിമസ്ക്രീനിന് സ്മാരകം</u>**

<u>ശ്രീമതി ജമീലാ പ്രകാശം</u> : സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ആനി മസ്ക്രീനിന്റെ പൂർണ്ണകായ പ്രതിമയും സ്വാതന്ത്ര്യസ്മാരക മ്യൂസിയവും തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ആനിമസ്ക്രീനിന്റെ സ്മരണ നിലനിറുത്തുന്നതിനുവേണ്ടി തിരുവനന്തപുരത്ത് വഴുതക്കാട് സാനഡു ജംഗ്ഷനിൽ സ്മാരകവും പ്രതിമയും നിർമ്മിക്കുന്നതിനും പൂന്തോട്ടവും വൈദ്യുത സജ്ജീകരണങ്ങളും ഏർപ്പെടുത്തുന്നതിനും തുടർന്നുള്ള സംരക്ഷണങ്ങൾക്കുമായി വേണ്ടിവരുന്ന 22 ലക്ഷം രൂപ ലഭ്യമാക്കണമെന്ന ആനി മസ്ക്രീൻ സ്മാരകസമിതിയുടെ ആവശ്യത്തിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

### (3) അഴീക്കൽ തുറമുഖ നിർമ്മാണം

ശ്രീ. കെ. എം. ഷാജി : കേരളത്തിന്റെ സമഗ്രമായ പുരോഗതിക്ക് വഴിതെളിക്കുന്ന അഴീക്കൽ തുറമുഖം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): അഴീക്കൽ തുറമുഖ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് ടെന്റർ നടപടികൾ സ്വീകരിക്കുകയും പുതിയ വാർഫിന്റെ നിർമ്മാണം, തുറമുഖത്തേയ്ക്കുള്ള റോഡിന്റെ വീതി കൂട്ടൽ, റെയിൽബന്ധം സ്ഥാപിക്കൽ എന്നിവയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖ വികസനത്തിനായി 1.8 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും 66 ലക്ഷം രൂപ തലശ്ശേരി സ്പെഷ്യൽ തഹസീൽദാർക്ക് കൈമാറുകയും തുറമുഖ വകുപ്പിന്റെ പേരിൽ റവന്യൂ രേഖകൾ ചേർക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. അഴീക്കൽ തുറമുഖ വികസനത്തിനായി 165 ലക്ഷം രൂപ പുതുക്കിയ ബഡ്ജറ്റിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. തുറമുഖ വികസനം വേഗത്തിലാക്കാൻ ഉന്നതല യോഗം വിളിച്ചുചേർക്കുന്നതാണ്.

**(4) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂർ മെഡിക്കൽ കോളേജ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും സമയബന്ധിതമായി അക്കാദമിക് കോംപ്ലക്സ് സ്ഥാപിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : തൃശൂർ മെഡിക്കൽ കോളേജിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനും 400 കിടക്കകളുള്ള രണ്ടാം ബ്ലോക്ക് നിർമ്മിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 23 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് നബാർഡിന് സമർപ്പിക്കുന്നതും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതുമാണ്.

**(5) ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ പ്ലസ് ടു ബാച്ച്**

ശ്രീ. എസ്. ശർമ്മ : എറണാകുളം ജില്ലയിലെ വൈപ്പിനിൽ അഡീഷണൽ ബാച്ച് അനുവദിച്ച് പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റിന്റെ അപര്യാപ്തതയ്ക്ക് താൽക്കാലിക പരിഹാരം കാണുന്നതിനും ഭാവിയിൽ പ്ലസ് ടു അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകാനും നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): എട്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളുടെ കുറവിന്റെ അനുപാതത്തിൽ അധിക ബാച്ചുകൾ അനുവദിക്കാനാണ് തീരുമാനിച്ചത്. ഹയർ സെക്കണ്ടറിയിൽ ഒരു ബാച്ചിനുവേണ്ടുന്ന മിനിമം

വിദ്യാർത്ഥികളുടെ എണ്ണമായ 25 പേർ പോലുമില്ലാത്ത 21 സ്കൂളുകൾ പ്രവർത്തിക്കുന്നതിനാലാണ് അധിക ബാച്ചുകൾ അനുവദിക്കേണ്ടുന്ന ജില്ലകളുടെ പട്ടികയിൽ നിന്നും എറണാകുളത്തെ ഒഴിവാക്കിയത്. 40710 പ്ലസ് ടു സീറ്റുകൾ നിലവിലുണ്ടെങ്കിലും 38425 അപേക്ഷകരാണുണ്ടായിരുന്നത്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ മാത്രമായി 2285 അധികസീറ്റുകളുള്ളതിനു പുറമേ വി.എച്ച്.എസ്.ഇ., പോളി ടെക്നിക്ക് സീറ്റുകളുമുണ്ട്. . ഈ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ വൈപ്പിനിൽ കൂടുതൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നിർവാഹമില്ല.

**(6) <u>അഴിമുഖങ്ങളിൽ പുലിമുട്ട് നിർമ്മാണം</u>**

<u>ശ്രീ. പി. തിലോത്തമൻ:</u> ചേർത്തല താലൂക്കിൽ അന്ധകാരനഴി, അർത്തുങ്കൽ തുടങ്ങിയ പ്രദേശങ്ങളിലെ വെള്ളക്കെട്ട് തടയുന്നതിനായി അഴിമുഖങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്):</u> ചേർത്തല താലൂക്കിലെ തീരപ്രദേശങ്ങളിൽ വേലിയേറ്റം മൂലം അഴിമുഖം അടഞ്ഞു പോകുന്ന സ്ഥിതിവിശേഷത്തിന് ശാശ്വത പരിഹാരമായി പുലിമുട്ടുകൾ നിർമ്മുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരികയാണ്. തോട്ടപ്പള്ളി മുതൽ വടക്ക് ചെല്ലാനം വരെയുള്ള വിവിധ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. അർത്തുങ്കൽ ഭാഗത്തും പുലിമുട്ട് നിർമ്മിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്.

**(7) <u>ചീക്കോട് കുടിവെള്ള പദ്ധതി</u>**

<u>ശ്രീ. എളമരം കരീം</u>: ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിനും കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്കും വേണ്ടി

യുള്ള ചീക്കോട് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കോഴിക്കോട് ജില്ല യിലെ ഫറോക്ക് കുടിവെള്ള പദ്ധതിക്ക് 539.6 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ഭരണാനുമതി 04-11-2010-ൽ നൽകിയിരുന്നു. ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഫറോക്ക്-കരുവാൻതുരുത്തി എന്നീ വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ആരംഭിക്കുകയും 40 ശതമാനം പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്തു. പദ്ധതിയുടെ മറ്റ് ഘടകങ്ങളായ ട്രീറ്റുമെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ തുടങ്ങിയവ ചീക്കോട് പദ്ധതി യുടേതാണ്. പ്രസ്തുത പദ്ധതിയുടെ കിണർ, പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചു. ശുദ്ധീകരണശാലയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൊതുഘടകങ്ങളായ ട്രീറ്റ്മെന്റ് പ്ലാന്റ്, റോവാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയെ ആശ്രയിച്ചാണ് ഫറോക്ക് കുടിവെള്ള പദ്ധതി രൂപ കൽപന ചെയ്തിട്ടുള്ളത്. ചീക്കോട് കുടിവെള്ള പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പൂർത്തി യാക്കുന്നതാണ്. ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രധാന പൊതുഘടക ങ്ങൾ 2012 ഡിസംബറോടുകൂടി പുർത്തിയാക്കാൻ സാധിക്കുമെന്നും അതോടുകൂടി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## (8) കെ.എസ്. ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ളക്സ്

ശ്രീ. പി. ഉബൈദുള്ള: നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി മലപ്പുറം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയെ ജില്ലാ ഡിപ്പോയായി ഉയർത്തുന്നതിനും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ളക്സ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കെ.എസ്.ആർ.ടി.സി.യുടെയും കെ.റ്റി.ഡി.എഫ്.സി.-യുടെയും സംയുക്തസംരഭമെന്ന നിലയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ മലപ്പുറത്ത് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എത്രയുംവേഗം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## (9) പാഞ്ചിക്കാട്ട് കടവിൽ പാലം

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയേയും ചെങ്കൽ, തിരുപുറം പഞ്ചായത്തുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാഞ്ചിക്കാട്ട് കടവിൽ പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പാഞ്ചിക്കാട്ട് കടവിൽ 22.32 മിറ്റർ നീളമുള്ള നാല് സ്പാനുകളോടുകൂടിയ പാലം പണിയുന്നതിനും സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള അനുബന്ധ പണികൾക്കുമായി 2010-ലെ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (10) സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ അനോമലി

ഡോ. എൻ. ജയരാജ്: സാമൂഹ്യക്ഷേമ വകുപ്പിൽ ശിശുവികസന പദ്ധതിയുമായി ബന്ധപ്പെട്ട് മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഉണ്ടായിരുന്ന പ്രൊമോഷൻ നഷ്ടം നികത്തുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള വിശേഷാൽ ചട്ട (ഭേദഗതി) ഉത്തരവ് ഒരു വിദഗ്ദ്ധ കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് അനോമലികൾ പൂർണ്ണമായി പരിഹരിക്കുന്നതിനും അതുവരെ ഈ ഉത്തരവ് സ്റ്റേ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സാമൂഹ്യക്ഷേമ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് സംബന്ധിച്ച് 10-08-2010-ന് പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂൾസിൽ കടന്നുകൂടിയിട്ടുള്ള അനോമലികൾ പരിശോധിച്ച് പരിഹരിക്കുന്നതിന് സർക്കാർ തലത്തിലും സാമൂഹ്യ ക്ഷേമവകുപ്പ് തലത്തിലും ദ്രുതഗതിയിൽ നടപടികൾ എടുത്തുവരുന്നു. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

**നിയമനിർമ്മാണം**

**ക്രമപ്രശ്നം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ചാണ് ഗവർണ്ണർ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത്. നിലവിൽ ഇരുപത്തിയഞ്ച് ഓർഡിനൻസുകൾ ഉണ്ട്. ഈ ഓർഡിനൻസുകൾ പുതുക്കിയില്ലെങ്കിൽ ഇന്ന് പരിഗണിക്കപ്പെടുന്ന പേപ്പർ ലോട്ടറി ഓർഡിനൻസ് ഒഴിച്ച് ബാക്കിയെല്ലാം ലാപ്സാകുകയും ആ ഓർഡിനൻസുകൾ അനുസരിച്ച് ചെയ്തിട്ടുള്ള നടപടികൾക്ക് പ്രാബല്യം ലഭിക്കാതെ പോകുകയും ചെയ്യും. 1977-ന് മുമ്പ് വനഭൂമി കൈവശം

വച്ചിരിക്കുന്ന കർഷകർക്ക് അത് പതിച്ചുകിട്ടുന്നതിനുണ്ടായിരുന്ന തടസ്സം മുൻകാലപ്രാബല്യത്തോടെ മാറ്റിയെടുക്കുന്നതിനായി പുറപ്പെടുവിച്ച കേരള ലാന്റ് അസൈൻമെന്റ് (ഭേദഗതി) ഓർഡിനൻസും ഇക്കൂട്ടത്തിൽ ലാപ്സായിപ്പോകും. ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): മുൻ യു.ഡി.എഫ്. ഗവൺമെന്റ് ഭരണം വിട്ടൊഴിയുമ്പോഴുണ്ടായിരുന്ന 17 ഓർഡിനൻസുകളിൽ 12 എണ്ണം എൽ.ഡി.എഫ്. ഗവണ്മെന്റ് റീപ്രൊമുൽഗേറ്റ് ചെയ്യുകയും 5 എണ്ണം ലാപ്സാകുകയുമുണ്ടായി. നാളത്തെ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിൽ ഓർഡിനൻസുകളെക്കുറിച്ചുള്ള ഗവൺമെന്റിന്റെ നിലപാടുകളെ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. മുൻ ഗവൺമെന്റ് കൊണ്ടുവന്ന എല്ലാ ഓർഡിനൻസുകളും ഈ ഗവൺമെന്റ് റീപ്രൊമുൽഗേറ്റ് ചെയ്യണമെന്നില്ല. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന ഒരു ഓർഡിനൻസൊഴികെ ബാക്കി ഓർഡിനൻസുകൾ ഗവൺമെന്റ് പരിശോധിക്കുകയാണ്. ലോട്ടറി സംബന്ധിച്ച ഓർഡിനൻസ് ഇന്ന് റീപ്രൊമുൽഗേറ്റ് ചെയ്യുന്നുണ്ട്. ഏതെങ്കിലും ഓർഡിനൻസ് ലാപ്സായാലും വാലിഡേറ്റിംഗ് ക്ലോസ് വച്ചുകൊണ്ട് വീണ്ടും റീപ്ലേസ് ചെയ്യാം. ലാന്റ് അസൈൻമെന്റ് ബിൽ ലാപ്സായാലും സുപ്രീം കോടതിയുടെ റൂളിംഗനുസരിച്ച് എടുത്ത നടപടികളും അതിന്റെ അടിസ്ഥാനത്തിൽ റെട്രോസ്പെക്ടീവായി കൊണ്ടുവന്നിരിക്കുന്ന റൂളുകളും ലാപ്സാവുകയില്ല. അതുകൊണ്ട് ലാന്റ് അസൈൻമെന്റ് ആക്ട് നടപ്പിലാക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ബാക്കിയുള്ള ഓർഡിനൻസുകളെക്കുറിച്ച് പോളിസി ഡിസിഷനെടുക്കുന്നതാണ്. ഇതിൽ ഭരണഘടനാ ലംഘനമൊന്നുമില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ഓർഡിനൻസുകൾ റീഇഷ്യൂ ചെയ്യുമോ എന്ന് പ്രഖ്യാപിക്കണമെങ്കിൽ സഭ പ്രൊറോഗ് ചെയ്യണം. മുൻ ഗവൺമെന്റിന്റെ കാലത്ത് ഇഷ്യൂ ചെയ്ത ഓർഡിനൻസുകൾ നിയമമാക്കാൻ ശ്രമിക്കാതെ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല.

**റൂളിംഗ്**

മി. സ്പീക്കർ: നിയമനിർമ്മാണ സഭയിൽ കൂടുതൽ സമയം നിയമ നിർമ്മാണത്തിനുവേണ്ടി ചെലവഴിക്കുകയും ആരോഗ്യകരമായ സംവാദങ്ങൾ നടക്കുകയും വേണം. പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്ത് നിലവിലുള്ള 25 ഓർഡിനൻസുകളിൽ ഇന്ന് നിയമമാക്കുന്ന 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് ഒഴികെ 24 ഓർഡിനൻസുകളും ജൂലായ് 12-ാം തീയതി ലാപ്സാകുമെന്ന പ്രശ്നം പരിശോധിച്ചു. ഒൻപതാം കേരള നിയമസഭ പിരിച്ചുവിടുമ്പോൾ നിലവിലുണ്ടായിരുന്ന ഒരു ഓർഡിനൻസ് ഒന്നാം സമ്മേളനം നടന്നുകൊണ്ടിരിക്കെ ലാപ്സാവുകയും സഭ പിരിഞ്ഞശേഷം വാലിഡേഷൻ ക്ലോസ് ഉൾപ്പെടുത്തി പ്രൊമുൽഗേറ്റ് ചെയ്യുകയും ചെയ്തു. പത്താം കേരള നിയമ സഭയുടെ കാലയളവിൽ പ്രൊമുൽഗേറ്റ് ചെയ്തതും പതിനൊന്നാം കേരള നിയമസഭ നിലവിൽ വരുമ്പോൾ ഉണ്ടായിരുന്നതുമായ 16 ഓർഡിനൻസുകൾ ലാപ്സാവുകയും രണ്ടെണ്ണം സഭ പിരിഞ്ഞശേഷം സേവിംഗ് ക്ലോസ്സോടു കൂടി റീ-പ്രൊമുൽഗേറ്റ് ചെയ്യുകയും ചെയ്തു. പതിനൊന്നാം കേരള നിയമ സഭയുടെ കാലയളവിൽ നിയമമാക്കാത്ത 20 ഓർഡിനൻസുകളിൽ 12 എണ്ണം പുതിയ ഗവൺമെന്റ് റീപ്രൊമുൽഗേറ്റ് ചെയ്യുകയും 8 ഓർഡിനൻസുകൾ

ലാപ്സാക്കുകയുമാണുണ്ടായത്. മുൻ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസുകൾ അടുത്ത ഗവൺമെന്റ് നിയമമാക്കാതെ ലാപ്സാക്കിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുള്ളതുകൊണ്ടും ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ക്രമപ്രശ്നം നില നിൽക്കുന്നതല്ല.

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പേപ്പർ ലോട്ടറിക ളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിനുപകരമുള്ള ബില്ലാണിത്. പേപ്പർ ലോട്ടറിക്ക് പ്രൊമോട്ടർ നൽകേണ്ട നികുതി 7 ലക്ഷം രൂപയായിരുന്നത് 25 ലക്ഷമായും 17 ലക്ഷമായി രുന്നത് 50 ലക്ഷമായും വർദ്ധിപ്പിക്കാവുന്നതാണ്. നികുതി അടയ്ക്കുന്നതിനു മുമ്പ് പ്രൊമോട്ടർ 2010-ലെ ലോട്ടറി റഗുലേഷൻ ആക്ടിലെ നിബന്ധന കളെല്ലാം പാലിച്ചിട്ടുണ്ടെന്ന ഗവൺമെന്റ് സർട്ടിഫിക്കറ്റുകൂടി ഹാജരാക്കേണ്ട തുണ്ട്. ഈ രണ്ട് ഭേദഗതികളാണ് ഈ നിയമത്തിൽ പ്രധാനമായുള്ളത്.

സബ്ജക്ട് കമ്മിറ്റി പരിശോധനയിൽ ബില്ലിൽ കാര്യമായ ഭേദഗതി കളൊന്നും വന്നിട്ടില്ല.

ഡോ. ടി.എം. തോമസ് ഐസക്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള സംസ്ഥാന ഭാഗ്യക്കുറിയെ സംരക്ഷിക്കുകയും നിയമലംഘനം നടത്തുന്ന അന്യസംസ്ഥാന, അന്യരാജ്യ ലോട്ടറികളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുകയും വേണമെന്നുള്ളതാണ് ഈ ബില്ലിന്റെ ലക്ഷ്യം. കേരള ലോട്ടറിയെ സംരക്ഷിക്കുന്നതിനും നറുക്കെടുപ്പ് എല്ലാ ദിവസവും നടത്തുന്ന തിനുമുള്ള നിർദ്ദേശങ്ങളെ ലോട്ടറി വിൽപ്പനക്കാർ സ്വാഗതം ചെയ്തിട്ടുണ്ട്. ലോട്ടറി സംബന്ധിച്ച് നിലവിലുള്ള കേസുകളെ ബാധിക്കാത്ത വിധത്തിലുള്ള ജാഗ്രത പാലിക്കണം. ലോട്ടറി നടത്തിപ്പ് ദുരുപയോഗപ്പെടുത്തിയാലു ണ്ടാകാവുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ലോട്ടറി നടത്തിപ്പിൽ നിന്നുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുമെന്നത് നല്ല കാര്യമാണ്. ലോട്ടറി നടത്തിപ്പിൽ ഉണ്ടായിരുന്ന അരാജകാവസ്ഥ അവസാനിപ്പിക്കാൻ കഴിയണം. കേന്ദ്ര ലോട്ടറി നിയമ ത്തിനനുസൃതമായിട്ടാണ് പേപ്പർ ലോട്ടറി നിയന്ത്രിക്കാൻ ഇവിടെ നിയമം ഉണ്ടാക്കിയിട്ടുള്ളത്. കേന്ദ്ര നിയമത്തിന് സംസ്ഥാന ലോട്ടറിയുടെ മേൽ റഗുലേറ്ററി പവർ ഇല്ല. സംസ്ഥാന സർക്കാരിന് പ്രത്യക്ഷമായോ പരോക്ഷമായോ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായ അധികാര പരിധി യിലേയ്ക്ക് കടന്നുകയറാൻ അവകാശമില്ല. ലോട്ടറി മാഫിയയെ നിയന്ത്രി ക്കുന്നതിന് ആവശ്യമായ പരിശ്രമങ്ങൾ കേരളത്തിൽ നടത്തിയിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരം സംസ്ഥാനങ്ങൾക്ക് ചട്ടമുണ്ടാക്കാൻ അവകാശം നൽകിയ തിന്റെ അടിസ്ഥാനത്തിലാണ് ലോട്ടറി വകുപ്പ് നടപടിയെടുക്കാൻ തുടങ്ങിയ ത്. ഓൺ ലൈൻ ലോട്ടറി നിരോധിക്കാനാണ് മൂലനിയമം കൊണ്ടുവന്നത്.

ലോട്ടറിയുമായി ബന്ധപ്പെട്ട കേസുകളിൽ അനുഭാവപൂർവ്വമായ സമീപനം ഇപ്പോൾ കോടതി കാണിക്കുന്നുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ലോട്ടറി മേഖലയിലെ കൊള്ള അവസാനിപ്പിക്കുന്നതിന് നിയമപരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യണം. കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് തിരുത്തണം. കേന്ദ്ര ചട്ടത്തിൽ അംഗീകരിച്ചിട്ടുള്ളതിനാൽ കേരളത്തിൽ ഓൺലൈൻ ലോട്ടറി നിരോധനം നിലനിൽക്കുകയില്ല. ഈ നിയമം പാസ്സാക്കുന്നതോടൊപ്പം റെഗുലേറ്ററി പവർ സംസ്ഥാന ഗവൺമെന്റുകൾക്കുകൂടി ലഭ്യമാകത്തക്കവിധം കേന്ദ്ര നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് കേരള നിയമസഭ ഒരുമിച്ചുനിന്ന് ശബ്ദമുയർത്തണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാന ലോട്ടറി ആയിരക്കണക്കിന് സാധാരണക്കാർക്ക് തൊഴിൽ നൽകുകയും ലോട്ടറിയിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ വികസനത്തിനും നന്മയ്ക്കുംവേണ്ടി ചെലവഴിക്കുകയും ചെയ്തിരുന്നു. ലോട്ടറി മേഖലയിലെ കൊള്ള അവസാനിപ്പിക്കുന്നതിന് സംസ്ഥാനത്തിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നതൊക്കെ ചെയ്യാൻ സഭ ഒരുമിച്ച് നിൽക്കണം. പുറംലോട്ടറികൾ കേരളം കയ്യടക്കുകയും സംസ്ഥാന ലോട്ടറി നടത്തിപ്പിലെ സുതാര്യതയും നന്മയും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിനെതിരെ നടപടിയുണ്ടാകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അതിനുള്ള ശ്രമമുണ്ടായിട്ടില്ല. ഈ നിയമം പാസ്സാക്കുന്നതോടൊപ്പം കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്താനാവശ്യമായ സമ്മർദ്ദവും ചെലുത്തണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവ് 495 കോടി രൂപയായി വർദ്ധിച്ചി രിക്കുന്നു. അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിലേയ്ക്ക് കടന്നു വന്നതിനെ തുടർന്ന് സംസ്ഥാനത്തിന്റെ തനതായ ലോട്ടറികൾ അന്യം നിന്നു പോയി. അന്യ സംസ്ഥാന ലോട്ടറി വില്പനയിലൂടെ കോടിക്കണക്കിന് രൂപയാണ് സംസ്ഥാനത്തിന് നഷ്ടമാകുന്നത്. സാധാരണക്കാരനെ സഹായി ക്കുവാൻ ഇവിടത്തെ ഗവൺമെന്റിന് കഴിയുന്നില്ല. ലോട്ടറി മാഫിയകളെ സംസ്ഥാനത്തുനിന്ന് ഉന്മൂലനം ചെയ്യാൻ കഴിയണം. കേരളത്തിന്റെ ബമ്പർ ലോട്ടറികളുടെ ഒന്നാം സമ്മാനത്തുകയായ 2 കോടി രൂപ 10 പേർക്ക് നൽകാനും കേരളത്തിന്റെ വരുമാനം ഇവിടെത്തന്നെ നിലനിർത്തി വികസന പ്രവർത്തനങ്ങൾ നടത്താനും നടപടിയുണ്ടാകണം.

ശ്രീ. വി. ചെന്താമരാക്ഷൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനുവേണ്ടി ബമ്പർ നറുക്കെടുപ്പിന് 17 ലക്ഷം രൂപ നികുതി വാങ്ങുന്നത് 50 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും സാധാരണ നറുക്കെടുപ്പിന് 7 ലക്ഷം രൂപ നികുതി വാങ്ങുന്നത് 25 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നുമാണ് ഭേദഗതിയിൽ വന്നിട്ടുള്ളത്. ലോട്ടറിയുമായി ബന്ധപ്പെട്ട് കേരളത്തിൽ വലിയ വിവാദങ്ങൾ ഉയർന്നുവരികയും കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടക്കുകയും കേരളത്തിലെ ജനങ്ങളിൽനിന്ന് കോടിക്കണക്കിന് രൂപ തട്ടിക്കൊണ്ടുപോകുകയും ചെയ്തത് മുൻ യു.ഡി.എഫ്. സർക്കാർ കേരളത്തിൽ അധികാരത്തിലിരിക്കുമ്പോഴാണ്. അതിനെതിരെ യാതൊരു നടപടിയും അന്നത്തെ സർക്കാർ സ്വീകരിച്ചിട്ടില്ല. കേന്ദ്ര നിയമത്തിനും ചട്ടത്തിനും വിരുദ്ധമായിരുന്നിട്ടും ഇടതുപക്ഷ സർക്കാർ ലോട്ടറി മാഫിയ

കൾക്കെതിരെ കേസ്സെടുക്കാൻ നടപടി സ്വീകരിച്ചിരുന്നു. കേരള ഗവൺമെന്റും ഇതര സംസ്ഥാന ഗവൺമെന്റുകളും തമ്മിലുള്ള പ്രശ്നം പരിഹരിക്കാമെന്നാണ് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ കത്തിൽ സൂചിപ്പിക്കുന്നത്. ലോട്ടറി മാഫിയകളെ നിയന്ത്രിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ലോട്ടറി മാഫിയകളെ ക്കുറിച്ച് അന്വേഷണം നടത്തിയ വിജിലൻസ് റിപ്പോർട്ട് എൽ.ഡി.എഫ്. ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ യഥാസമയം സമർപ്പിച്ചില്ലെന്ന പ്രചരണം ശരിയല്ല. ലോട്ടറി മാഫിയകളുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് ഭരണം നടത്തുമ്പോൾ സംസ്ഥാനത്ത് പ്രസ്തുത നിയമത്തിന് സാംഗത്യം ഉണ്ടാകുകയില്ല.

<u>പ്രൊഫ. സി. രവീന്ദ്രനാഥ് </u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാന സർക്കാർ നേരിട്ട് നടത്തിയിരുന്നതുകൊണ്ടാണ് 1967 മുതൽ കേരള ഭാഗ്യക്കുറി യാതൊരു പ്രശ്നങ്ങളുമില്ലാതെ സുഗമമായി നടന്നു വന്നത്. 1990-കളുടെ മധ്യത്തോടെ ലോട്ടറി ചൂതാട്ടരംഗമായി മാറി. ധന മൂലധന താൽപ്പര്യങ്ങൾ ഇല്ലായ്മ ചെയ്തുകൊണ്ടുമാത്രമേ ആത്യന്തികമായി ലോട്ടറി ചൂതാട്ടത്തെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. 1998-ലെ കേന്ദ്ര ലോട്ടറി നിയമത്തിലും 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബില്ലിലും ചൂതാട്ടത്തിനുള്ള പഴുതുകളുണ്ട്. പഴുതുകൾ അടച്ചു കൊണ്ട് നിയമം കൊണ്ടുവന്നാൽ മാത്രമേ ധനമാഫിയകളെ നിയന്ത്രിക്കു വാൻ സാധിക്കൂ. ഇപ്പോൾ കൊണ്ടുവരുന്ന നിയമത്തിൽ 3-ാമത്തെ ക്ലാസ്സിലെ ‘പ്രൊമോട്ടർ’ എന്ന പദം ഒഴിവാക്കണം. ധനമൂലധനമാണ് മാഫിയകളുടെ വളർച്ചയ്ക്കുപിന്നിലെന്ന വസ്തുത അംഗീകരിക്കുകയും

അത് തടയാനുള്ള രാഷ്ട്രീയ നിലപാടുണ്ടാവുകയും ചെയ്താൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂ.

ശ്രീ. സി. കൃഷ്ണനുവേണ്ടി ശ്രീ. കെ. സുരേഷ് കുറുപ്പ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ വേണ്ടി കൊണ്ടു വന്ന ഓർഡിനൻസാണ് ഇപ്പോൾ ബില്ലായി അവതരിപ്പിച്ചിരിക്കുന്നത്. 1967 മുതൽ സംസ്ഥാനത്തിനകത്തുംപുറത്തും യാതൊരു പരാതിയുമില്ലാതെ സ്വന്തമായി ഭാഗ്യക്കുറി നടത്തി ലഭിക്കുന്ന വരുമാനം ക്ഷേമപ്രവർത്തന ങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിലേയ്ക്ക് വരികയും സംസ്ഥാന ലോട്ടറികളുടെ പേരിൽ പ്രൊമോട്ടർമാർ സ്വന്തമായി ലോട്ടറി അടിച്ച് വിൽക്കുകയും ചെയ്ത് തട്ടിപ്പു കൾ നടത്തിയപ്പോഴാണ് ലോട്ടറി മാഫിയകളെ നിയന്ത്രിക്കുന്നതിനുള്ള നിയമം കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് നിർബന്ധിതമായത്. 1998-ൽ കൊണ്ടുവന്ന കേന്ദ്ര നിയമ പ്രകാരം ലോട്ടറികൾ നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായി. 2004-ൽ നിലവിൽ വന്ന ചട്ടപ്രകാരം കേന്ദ്ര സർക്കാർ ഓൺലൈൻ ലോട്ടറികളെ നിയമവിധേയമാക്കി. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ യഥേഷ്ടം ഓൺലൈൻ ലോട്ടറി നടത്താമെന്ന സ്ഥിതി വന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ശക്തമായ ഇടപെടലിന്റേയും ബഹുജന മുന്നേറ്റത്തിന്റേയും ഫലമായി ഓൺലൈൻ ലോട്ടറിക്ക് സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തി. ഇപ്പോഴത്തെ ഭരണമാറ്റം മുതലെടുക്കാൻ ഓൺലൈൻ മാഫിയകൾ ശ്രമം

നടത്തുകയാണ്. ഓൺലൈൻ ലോട്ടറി നിരോധിക്കുന്നതിനായി കേരളത്തിൽ നിന്നും സർവ്വകക്ഷിസംഘം പല തവണ കേന്ദ്രത്തിൽ നിവേദനങ്ങൾ നൽകി യെങ്കിലും ഫലമുണ്ടായില്ല. പേപ്പർ ലോട്ടറിയെ സംരക്ഷിക്കുന്നതിനും ഓൺലൈൻ ലോട്ടറി നിരോധിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രൊമോട്ടർമാർ സർക്കാരുമായി കരാറുണ്ടാക്കി യഥേഷ്ടം കാര്യങ്ങൾ ചെയ്യുന്നതിനാൽ ബില്ലിൽ 'പ്രൊമോട്ടർ' എന്നതിനുപകരം 'ഏജന്റ്' എന്നാക്കണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണനുവേണ്ടി ശ്രീ. വി. ഡി. സതീശൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പേപ്പർ ലോട്ടറി കളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2005-ലെ മൂലനിയമത്തിൽ രണ്ട് പ്രധാനപ്പെട്ട ഭേദഗതികൾ വരുത്തിക്കൊണ്ട് ഇറക്കിയ ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. 2001 മുതൽ 2006 വരെ അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമാണ് ടാക്സ്സസ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് ഉണ്ടാകാൻ കാരണം. ഓൺലൈൻ ലോട്ടറി നിരോധിക്കുന്നതിനുള്ള നിയമവും ടാക്സ്സസ് ഓൺ പേപ്പർ ലോട്ടറിയും ഒരുമിച്ചാണ് സഭയുടെ പരിഗണനയ്ക്ക് വന്നത്. സംസ്ഥാന ലോട്ടറികൾ മാത്രം നിലനിർത്താൻ നിയമ തടസ്സമുണ്ടായതു കൊണ്ടാണ് സംസ്ഥാനത്തെ എല്ലാ ലോട്ടറികളും നിരോധിച്ചത്. ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഓൺലൈൻ ലോട്ടറി മാത്രമായി നിരോധി ക്കാൻ സാധിക്കാത്തതിനാൽ കേരള ചൂതാട്ട നിരോധന നിയമത്തിൽ

ഭേദഗതി വരുത്തി ഓൺലൈൻ ലോട്ടറി നിരോധിക്കുകയും പേപ്പർ ലോട്ടറികളുടെമേൽ നിയന്ത്രണം കൊണ്ടുവരുന്നതിനുവേണ്ടി 'ടാക്സ്സസ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട്' കൊണ്ടുവരികയും ചെയ്തു. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പേപ്പർ ലോട്ടറി കേരളത്തിൽ വ്യാപകമായി. കേന്ദ്ര ലോട്ടറി നിയമത്തിന്റെ നാലാം വകുപ്പിന്റെ ലംഘനം നടക്കുന്നുവെന്ന വിജിലൻസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടും കഴിഞ്ഞ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിച്ചില്ല. 2010 ഏപ്രിൽ 1-ാം തീയതി നിലവിൽവന്ന കേന്ദ്ര ഗവൺമെന്റിന്റെ ലോട്ടറി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രതിദിനം 45 കോടി രൂപകൂടി കൊണ്ടുപോകാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് പുതിയ ഭേദഗതി കൊണ്ടുവരികയാണെന്ന വ്യാജേന ഓർഡിനൻസ് കൊണ്ടു വരികയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. യാതൊരു ആധികാരിക രേഖകളുമില്ലാതെ ലോട്ടറിക്കാരിൽ നിന്നും അഡ്വാൻസ് ടാക്സ് വാങ്ങിക്കാനുള്ള സംവിധാനം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാ യിരുന്നു. ഒരാളിൽ നിന്നും മുൻകൂർ നികുതി വാങ്ങുകയും മറ്റൊരാളിൽ നിന്നും നികുതി വാങ്ങിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് മുൻകൂർ നികുതി നിർബന്ധമായും വാങ്ങണമെന്ന് കോടതി വിധിച്ചത്. ലോട്ടറി നിയമപ്രകാരം രജിസ്ട്രേഷൻ റദ്ദാക്കാനുള്ള അധികാരം സംസ്ഥാന ഗവണ്മെന്റിനില്ല. ഗവൺമെന്റ് കോംപീറ്റന്റല്ലാത്ത ഒരു നടപടി സ്വീകരിച്ചതു കൊണ്ടാണ് കെട്ടിവച്ച തുക അഡ്വാൻസ് ടാക്സായി വാങ്ങണമെന്ന് പറഞ്ഞത്. സംസ്ഥാനത്ത് നിയമം ലംഘിച്ചുകൊണ്ട് ലോട്ടറി വിൽപ്പന നടത്തുന്ന ആളുകളുടെ കയ്യിൽ നിന്നും മുൻകൂർ നികുതി സ്വീകരിക്കണ

മെന്ന് കോടതി പറഞ്ഞിട്ടില്ല. കേസ്സുകൾ സൗകര്യപൂർവ്വം ടിസ്റ്റ് ചെയ്യുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. പുതിയ രജിസ്ട്രേഷൻ നൽകുകയോ പുതുക്കി നൽകുകയോ മുൻകൂർ നികുതി സ്വീകരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ പ്രൊമോട്ടറുടേയും സെല്ലിംഗ് ഏജന്റിന്റേയും ആധികാരിക രേഖകൾ പരിശോധിക്കണമെന്ന വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ സർക്കുലർ പാലിക്കാതെയാണ് ലോട്ടറികൾക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുള്ളത്. ചട്ടപ്രകാരം കത്തയച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് റെസ്പോണ്ട് ചെയ്യുകയും നടപടി സ്വീകരിക്കുകയും ചെയ്തു എന്നുള്ളതാണ് യാഥാർത്ഥ്യം. ലോട്ടറി നിയന്ത്രിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ അധികാരം എക്സർസൈസ് ചെയ്യേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. ഭൂട്ടാൻ ഗവൺമെന്റ് സാന്റിയാഗോ മാർട്ടിനുമായുള്ള എഗ്രിമെന്റ് അവസാനിപ്പിച്ചതുകൊണ്ട് ഇനി അവർക്ക് കേരളത്തിൽ ലോട്ടറി നടത്താൻ കഴിയില്ല. യു.ഡി.എഫ്. ഗവൺമെന്റ് വ്യക്തമായ ഒരു നയമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ അന്യ സംസ്ഥാന ലോട്ടറി മാഫിയ തഴച്ചുവളരാനോ, നിയമവിരുദ്ധമായി ലോട്ടറി നടത്താനോ ഒരു കാരണവശാലും യു.ഡി.എഫ്. ഗവൺമെന്റ് അനുവദിക്കുകയില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി)</u>: സാധാരണ നറുക്കെടുപ്പുകൾക്ക് 25 ലക്ഷം രൂപ എന്നത് 50 ലക്ഷം രൂപ ആക്കണമെന്നാണ് ഡിസന്റിംഗ് നോട്ടിൽ പറഞ്ഞിരിക്കുന്നത്. കേസിന്റെ വിധി അന്യസംസ്ഥാന ലോട്ടറിക്ക് അനുകൂലമാകാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കാൻ കഴിയില്ല. ബില്ലിലെ മൂന്നാം വകുപ്പ് അനുസരിച്ചുള്ള നിബന്ധനകൾ സർക്കാരിനുവേണ്ടി ലോട്ടറി

നടത്തുന്ന പ്രൊമോട്ടർമാർക്ക് മാത്രമല്ല സർക്കാർ നേരിട്ടുനടത്തിയാലും ബാധകമാണ്. നിയമത്തിന്റെ രണ്ടാം വകുപ്പിൽ (എൽ) ഉൾപ്പിരിവിലെ ഡെഫനിഷനിൽ പ്രൊമോട്ടറെക്കുറിച്ച് പറയുന്നതിനാൽ ഈ അമെന്റ്മെന്റിന്റേയും ആവശ്യമില്ല. അന്യസംസ്ഥാന ലോട്ടറിയെ നിരോധിക്കാൻ സംസ്ഥാന സർക്കാരിന് അവകാശമില്ലെങ്കിലും വ്യാജ ലോട്ടറിക്കെതിരെ കേന്ദ്രത്തിന്റെ അനുവാദമില്ലാതെ ഇന്ത്യൻ പീനൽ കോഡ് അനുസരിച്ച് നടപടിയെടുക്കാവുന്നതാണ്. എൽ.ഡി.എഫ്. സർക്കാർ അഞ്ചു വർഷംകൊണ്ട് സി.ബി.ഐ.യ്ക്ക് വിടാതിരുന്ന കേസുകൾ അധികാരത്തിലേറി 24 മണിക്കൂറുകൾകൊണ്ട് സി.ബി.ഐ.യ്ക്ക് വിടാൻ യു.ഡി.എഫ് സർക്കാരിന് കഴിഞ്ഞു. വ്യാജ ലോട്ടറികൾക്കെതിരെയും അഴിമതിക്കെതിരെയും ലോട്ടറിക്കച്ചവടക്കാർക്കും ഏജന്റുമാർക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ നടപടി സ്വീകരിക്കും. ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനം ക്യാൻസർ, ഹൃദയ, വൃക്ക, പാലിയേറ്റീവ് കെയർ രോഗികൾക്കായി വീതിച്ചുനൽകും. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് സുവ്യക്തമാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

107, 108, 109, 110, 111, 112, 115, 116, 117, 119, 120, 122, 126, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

108-ാം നമ്പർ ഭേദഗതി 64-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

3-ാം വകുപ്പ്

128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 145, 146, 147, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

135-ാം നമ്പർ ഭേദഗതി 64-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

4-ാം വകുപ്പ്

149-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

105, 106 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കാൻ തയ്യാറായ യു.ഡി.എഫ്. ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ലോട്ടറി മാഫിയയ്ക്ക് എല്ലാവിധ സഹായവും ചെയ്തതിലൂടെ കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. 1967-ൽ നിലവിൽവന്ന ലോട്ടറിയിൽനിന്നുള്ള വരുമാനം സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉപകരിച്ചു. സംസ്ഥാനത്തിന്റെ അവകാശാധികാരങ്ങൾ നിയന്ത്രിക്കത്തക്ക വിധത്തിൽ കേന്ദ്ര ഗവൺമെന്റ് പിന്നീട് കൊണ്ടുവന്ന നിയമത്തെത്തുടർന്ന് ചില വ്യവസ്ഥകൾക്ക് വിധേയ മായി മാത്രമേ സംസ്ഥാന ഗവൺമെന്റിന് ലോട്ടറി നടപ്പാക്കാൻ കഴിയൂ എന്ന നിലവന്നു. അത് ലോട്ടറി മാഫിയയ്ക്ക് സഹായകമായി. അന്യസംസ്ഥാന ലോട്ടറി കേരളത്തിൽ നിരോധിക്കണമെന്ന് കേരളം കേന്ദ്ര ഗവൺമെന്റി നോട് നിരന്തരമായി ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ അതിന് തയ്യാറായില്ല. ഇതുസംബന്ധിച്ച് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടു. മുൻമുഖ്യമന്ത്രി ആവശ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി കത്ത് കൊടുത്താൽ സി.ബി.ഐ.-യ്ക്ക് നിരുപാധി കമായ അന്വേഷണം നടത്തുന്നതിന് അത് സൗകര്യമാകും. ഈ പ്രശ്നത്തിൽ ആരെല്ലാമാണ് ഉത്തരവാദികൾ എന്നതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനുള്ള സൗകര്യമൊരുക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കേന്ദ്ര നിർദ്ദേശപ്രകാരം ലോട്ടറി പ്രശ്നം സംബന്ധിച്ച അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടുന്നതിന്

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള 32 കേസ്സുകൾ നോട്ടിഫൈ ചെയ്തു. മുൻമുഖ്യമന്ത്രി അയച്ച കത്തുകളെല്ലാം അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത കത്തുകൾ ടാക്സസ് ഡിപ്പാർട്ടുമെന്റിന്റെ ഫയലുകളിൽ കാണാത്ത സാഹചര്യത്തിൽ ആ കത്തുകളുടെ കോപ്പി ലഭ്യമാക്കിയാൽ അവയും അവസാനം തന്ന കത്തും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തും. അതിന് പ്രതിപക്ഷ നേതാവിന്റെ സഹകരണം ആവശ്യമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ഭരണഘടനയുടെ ഷെഡ്യൂൾ 7 അനുസരിച്ച് കേന്ദ്ര നിയമമാണെങ്കിലും അത് നടപ്പിലാക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ലോട്ടറി നിയമത്തിന്റെ അഡ്മിനിസ്ട്രേഷനിലെ നിബന്ധനകൾ സംബന്ധിച്ച കാര്യത്തിലും തീരുമാനമെടുക്കാൻ അധികാരമുള്ളത് കേന്ദ്ര ഗവൺമെന്റിനാണ്. വ്യാജ ലോട്ടറി നടത്തുന്നവരെ ഐ.പി.സി. പ്രകാരം സംസ്ഥാന സർക്കാരിന് അറസ്റ്റ് ചെയ്യാവുന്നതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യാജലോട്ടറികൾ തടയുന്നതിനോ കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനോ നടപടി സ്വീകരിച്ചില്ല. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.05-ന് പിരിഞ്ഞു.